(സി) എങ്കിൽ ഏതെല്ലാം കോഴ്സുകൾക്കെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന ഗവണ്മെന്റിന്റെയും സർവ്വകലാശാലയുടെയും അംഗീകാരമില്ലാത്ത കോഴ്സുകൾക്കുള്ള സാംഗിറ്റിറ്റി എന്താണ്;

(ഇ) ഈ സ്ഥാപനത്തിന് കോഴ്സുകൾ നടത്താനുള്ള നിയമ പരമായ അവകാശം എന്തെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഓഫ് സെറ്റ് പ്രിന്റിംഗ്, കമ്പ്യൂട്ടർ & ഡി.ടി.പി., ഓഫീസ് ഓട്ടോമേഷൻ & സെയിൽസ്മാൻ ഷിപ്പ്, ഇലക്ട്രോണിക് ടൈപ്പിംഗ്, വേർഡ് പ്രോസസിംഗ് & ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ 6 മാസം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് കോഴ്സുകളും മോഡേൺ റിപ്രോഗ്രാഫിക് എക്യുപ്മെന്റ്, ട്രെയിനിംഗ് ഇൻ ഇലക്ട്രോണിക് ടൈപ്പിംഗ്, ഫോട്ടോകോപ്പിയർ, ഫാക്സ്, കമ്പ്യൂട്ടറൈസ്ഡ് ടെലക്സ്, ട്രയിനിംഗ് ഇൻ ഡി.പി.റ്റി., ഡാറ്റാ എൻട്രി ആന്റ് കൺസോൾ ഓപ്പറേഷൻ, ട്രെയിനിംഗ് ഇൻ ഇലക്ട്രോണിക് ടൈപ്പിംഗ്, ട്രെയിനിംഗ് ഇൻ മൾട്ടി മീഡിയ എന്നീ 6 മാസത്തിൽ താഴെ കാല ദൈർഘ്യമുള്ള ഹ്രസ്വകാല കോഴ്സുകളുമാണ് ആഡിയോവിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ നടത്തി വരുന്നത്.

(ബി)&(സി) സർട്ടിഫിക്കറ്റ് കോഴ്സുകൾക്ക് എല്ലാം സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ഡി) സെന്റർ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സുകൾ സർക്കാർ അംഗീകരിച്ചിട്ടുള്ളതാണ്. ഈ കോഴ്സുകളുടെ അവസാന പരീക്ഷ നടത്തുന്നതും സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റാണ്.

സർട്ടിഫിക്കറ്റ് കോഴ്സുകളും ഷോർട്ട് ടേം കോഴ്സുകളും തൊഴിലധിഷ്ഠിതങ്ങളാണ്. കമ്പ്യൂട്ടർ ഇലക്ട്രോണിക്, പ്രിന്റിംഗ്, റിപ്രോഗ്രാഫി മേഖലകളിൽ സംസ്ഥാനത്തിനകത്തും പുറത്തും തൊഴിൽ നേടുന്നതിനും സ്വന്തമായി തൊഴിൽ ചെയ്യുന്നതിനും വിദേശത്ത് തൊഴിൽ നേടുന്നതിനും യുവതീയുവാക്കളെ പ്രാപ്തരാക്കുന്നതിനാണ് ട്രെയിനിംഗ് കോഴ്സുകൾ നടത്തി വരുന്നത്. ഈ കോഴ്സുകളിൽ ചേരുന്നതിനുള്ള കുറഞ്ഞ യോഗ്യത എസ്.എസ്.എൽ.സി. ആയതിനാൽ ഈ കോഴ്സുകൾക്ക് സർവ്വകലാശാല തലത്തിലുള്ള അംഗീകാരം ആവശ്യമില്ല.

(ഇ) 28-4-92 ലെ ജി.ഒ(എം.എസ്)73/92/എച്ച്.ഇ. പ്രകാരം സർക്കാർ അംഗീകരിച്ച സെന്ററിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ ഇനം II-15 പ്രകാരം പ്രസ്തുത സെന്ററിന് കമ്പ്യൂട്ടർ, ഇലക്ട്രോണിക് ഉപകരണങ്ങൾ, പ്രിന്റിംഗ് റിപ്രോഗ്രാഫി എന്നിവയിൽ ട്രെയിനിംഗ് നടത്താവുന്നതാണ്.

61 (479) കേരള സർവകലാശാലയിലെ ടൈപ്പിസ്റ്റുകളുടെ നിയമനം

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിലും അതിന്റെ കീഴിലുള്ള വിവിധ ഓഫീസുകളിലും ടൈപ്പിസ്റ്റുകളുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഒഴിവുകളിലേയ്ക്ക് ടൈപ്പിസ്റ്റ് നിയമനത്തിന് നിലവിലുള്ള ലിസ്റ്റിൽ നിന്ന് നിയമനം നടത്താത്തതെന്തുകൊണ്ടെന്നു വ്യക്തമാക്കുമോ;

(സി) ഒഴിവുകൾ നികത്തുന്നതിന് അനുകൂലമായ നടപടികൾ സ്വീകരിക്കണമെന്ന് എംപവേർഡ് കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) സർവ്വകലാശാലയിലും അതിന്റെ കീഴിലുള്ള ഓഫീസുകളിലും നിയമനം നടത്തുന്നതിന് നിരോധനം നിലവിലുണ്ടോ?

ഉത്തരം

(എ) 35

(ബി) സർവ്വകലാശാലകളിൽ നിന്ന് പ്രീഡിഗ്രി വേർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് പുതിയ നിയമനങ്ങൾക്ക് സർക്കാർ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) സർവ്വകലാശാല സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) സ്ഥിരനിയമനം നടത്തുന്നതിന് നിരോധനം ഉണ്ട്.

62 (480) കോളേജുകൾക്കും സർവ്വകലാശാലാ വകുപ്പുകൾക്കും സ്വയംഭരണ അവകാശം നൽകുന്നതിനുള്ള നടപടികൾ

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകൾക്കും സർവ്വകലാശാലാ വകുപ്പുകൾക്കും സ്വയംഭരണാവകാശം നൽകേണ്ടതിന്റെ ആവശ്യകത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഗവണ്മെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്;

(സി) ഇതിനായി ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ സമിതിയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)-(ഡി) 19.11.99 ൽ കൂടിയ ഇന്റർ യൂണിവേഴ്സിറ്റി കൺസൾട്ടേറ്റീവ് കൗൺസിൽ ഇക്കാര്യം ചർച്ച ചെയ്യുകയും അതിലേയ്ക്ക് വിശദമായ ഒരു പഠനം ആവശ്യമാണെന്ന് കാണുകയും, അതിനാൽ പഠനം നടത്തി ഒരു റിപ്പോർട്ട് സമർപ്പിക്കാൻ ഒരഞ്ചംഗ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു. സമിതിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച കാര്യങ്ങൾ തീരുമാനിച്ചിട്ടില്ല.

63 (481) കോളേജ് അദ്ധ്യാപകരുടെ ശമ്പള പരിഷ്കരണം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly